ആവശ്യപ്പെടുന്ന വിശ്വഹിന്ദുപരിഷത്തിന്റെ ലഘുലേഖകൾ നഗരത്തിൽ പ്രചരിക്കുന്നു. തങ്ങൾ ബാബരീമസ്ജിദ് പിടിച്ചെടുക്കുമെന്നു പ്രഖ്യാപിക്കുന്ന മുദ്രാവാക്യങ്ങൾ ചുവരുകളിലും ബസ്സുകളിലും മുസ്ലിങ്ങളും എഴുതിവയ്ക്കുന്നുണ്ട്. ജനങ്ങളുടെ മനസ്സുകളിൽ ഭയം കൊടികുത്തി വാഴുന്നു.'

ഓരോ തെരുവിലും ഓരോ അക്രമിസംഘം വാഴ്ച നടത്തുന്ന ബെയ്റൂട്ട് നഗരത്തിന്റെ സ്ഥിതിയിലേക്ക് അഹമ്മദാബാദ് നഗരം വഴുതിവീണുകൊണ്ടിരിക്കുകയാണെന്നത്രേ 'സ്റ്റേറ്റ്സ്മാൻ' ലേഖകന്റെ ആശങ്ക.

നമുക്ക് ശ്രദ്ധിക്കാനുള്ളത് അബ്ദുൽലത്തീഫ് എന്ന രാഷ്ട്രീയനേതാവിന്റെ ദ്രുതഗതിയിലുള്ള വളർച്ചയാണ്. ഏറെ വൈകാതെ, ഹാജിമസ്താനെയും വരദരാജമുതലിയാരെയും അബ്ദുൽലത്തീഫിനെയുംപോലെയുള്ളവർ നമ്മുടെ മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും രാഷ്ട്രപതിയുമൊക്കെ ആയി വന്നുകൂടെന്നില്ല.

കേരളത്തിലുമില്ലേ അബ്ദുൽലത്തീഫുമാർ? സൂക്ഷിച്ചു നോക്കുക. നിങ്ങളുടെ പാർട്ടിയുടെ പ്രാദേശികനേതാവിനു് അബ്ദുൽലത്തീഫിന്റെ മുഖച്ഛായയുണ്ടോ?

(29 മാർച്ച്, 1987)

# 30. ആയുധം വാങ്ങുന്ന ഇന്ത്യ

സ്വീഡനിലെ 'ബോഫോർസ്' എന്ന കമ്പനിയിൽനിന്നു് ആയിരത്തിഎഴുനൂററഞ്ചുകോടി രൂപ വിലവരുന്ന പീരങ്കികൾ വാങ്ങാൻ ഇന്ത്യാഗവണ്മെൻറ് തീരുമാനിച്ചു. സമാധാനം നിലനിന്നുകാണാൻ ആഗ്രഹിക്കുന്ന ഒരു സമ്പന്നരാജ്യമാണ് സ്വീഡൻ. എന്നിട്ടും സ്വീഡൻ എന്തിനു് ആയുധങ്ങളുണ്ടാക്കി വിൽക്കുന്നു? കാരണമുണ്ട്, എൺപത്തിമൂന്നു ലക്ഷം ആളുകളേ സ്വീഡനിൽ ഉള്ളൂ—ഏതാണ്ട് കേരളത്തിലുള്ളതിന്റെ മൂന്നിലൊന്നു്. അതേസമയം ലോകരാഷ്ട്രങ്ങൾക്കിടയിൽ ഏററവുമുയർന്ന ജീവിതനിലവാരം ആ രാഷ്ട്രം പുലർത്തുകയുംചെയ്യുന്നു. എല്ലാവർക്കും ജോലിയുണ്ടെങ്കിലേ ജീവിതനിലവാരം അത്രയും ഉയരത്തിൽ നിലനിർത്തിപ്പോരാൻ ഏതു രാജ്യത്തിനും കഴിയൂ. സ്വീഡന്റെ വ്യവസായത്തിൽ പകുതിയും ലോഹസംസ്കരണം സംബന്ധിച്ചവയാണ്. ലോഹവ്യവസായം, സ്വാഭാവികമായി, ആയുധനിർമാണവ്യവസായത്തിൽച്ചെന്നെത്തുമല്ലോ. നിർമിതസാധനങ്ങൾ ലോകവിപണിയിൽ വിററുവേണം സ്വീഡനു് പുലരാൻ. ലോകവിപണിയിൽ ഇപ്പോൾ ഏററവും അധികം ഡിമാൻഡ് (ചോദനം) ആയുധങ്ങൾക്കാണ്. സ്വന്തം സൈന്യങ്ങളെ ഏററവും പുതിയ ആയുധമണിയിച്ചു നിർത്തുവാൻപോലും സ്വീഡനു് വൻതോതിൽ ആയുധവില്പന കൂടാതെ കഴിയില്ലെന്നതാണ് സ്ഥിതി. കാരണം, ഒരു ചെറുകിട വ്യവസായമായി നടത്താവുന്നതല്ല ആയുധനിർമാണം.

എന്നിട്ടും ആയുധവില്പനയിൽ പല നിയന്ത്രണങ്ങളും സ്വീഡൻ ഏർപ്പെടുത്തിയിട്ടുണ്ട്. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു രാജ്യത്തിനു് ആയുധം വിൽക്കുന്നതു് സ്വീഡനിൽ നിരോധിച്ചിരിക്കുന്നു. യുദ്ധത്തിലേക്കു നയിക്കാവുന്ന വഴക്കുകൾ മററു രാജ്യങ്ങളുമായി നിലവിലുള്ള രാജ്യങ്ങൾക്ക് ആയുധം വില്ക്കുന്നതും അവിടെ നിയമവിരുദ്ധമാണ്.

ഈ നിയമപ്രകാരം, കാശ്മീർ സംബന്ധിച്ച് പാകിസ്ഥാനുമായി ഒരു തർക്കം നിലവിലുള്ള ഇന്ത്യയ്ക്ക് ഏതെങ്കിലും സ്വീഡിഷ് കമ്പനി ആയുധം വിൽക്കുന്നത് നിയമവിരുദ്ധമായി പരിഗണിക്കപ്പെട്ടുകൂടായ്കയില്ല. ഇന്ത്യ ഏതെങ്കിലും രാജ്യവുമായി യുദ്ധത്തിലേർപ്പെടുന്ന നിമിഷത്തിൽ, ഇന്ത്യയിലേക്കുള്ള ആയുധക്കയറ്റുമതി നിർത്തിവെക്കാൻ സ്വീഡനിലെ ആയുധക്കമ്പനികൾ നിയമപ്രകാരം നിർബദ്ധങ്ങളാകും.

വലിയ മുതലാളിമാർക്കെതിരാകമല്ലോ, സാധാരണനിലയിൽ, ജനാധിപത്യരാഷ്ട്രങ്ങളിലെ പത്രങ്ങൾ. സ്വീഡനിലെ റേഡിയോവും ടെലിവിഷനും സ്വകാര്യസ്ഥാപനങ്ങളാണ്. പത്രങ്ങളെപ്പോലെയേ അവയെ കണക്കാക്കേണ്ടൂ. ബോഫോർസ് എന്ന വൻകിട ആയുധക്കമ്പനി നടത്തുന്ന ഇടപാടുകളിലെ നിയമവിരുദ്ധങ്ങളായ വശങ്ങൾ ചികഞ്ഞു പുറത്തിടാൻ സ്വീഡനിലെ ചില പത്രങ്ങളും ടെലിവിഷനും റേഡിയോവുംകൂടി നടത്തിയ പരിശ്രമങ്ങൾക്കിടയിൽ, ആയുധവ്യാപാരത്തിൽ ഇടനിലക്കാർ (ഏജൻറുമാർ) ഉണ്ടാകരുതെന്ന ഇന്ത്യാഗവണ്മെൻറിൻെറ നിർദേശത്തിനു വിരുദ്ധമായി, ബോഫോർസ് കമ്പനിക്കാർ ഇന്ത്യാഗവണ്മെൻറുമായുള്ള ആയുധ—ഇടപാടിൽ ചില ഇടനിലക്കാരെ നിയമിക്കുകയും, അവർക്ക് ആറു കോടിഅറുപതുലക്ഷം രൂപ കമ്മീഷൻ നൽകുകയുംചെയ്തു എന്ന വിവരം സ്വീഡിഷ് റേഡിയോവും ടെലിവിഷനും പ്രക്ഷേപണംചെയ്തു. ഈ ഇടപാടിൽ ഇടനിലക്കാരായി നിന്നു കമ്മീഷൻ വാങ്ങിയതു് ഇന്ത്യൻ പട്ടാളത്തിലെ ചില ഉയർന്ന ഉദ്യോഗസ്ഥന്മാരും പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ പാർട്ടിയിലെ ചില പ്രധാന അംഗങ്ങളുമാണെന്നും പ്രസ്താവിക്കപ്പെട്ടു.

ഇക്കാര്യം ഇപ്പോൾ ഇന്ത്യാഗവണ്മെൻറിൻെറ അന്വേഷണത്തിലിരിക്കുകയാണ്.

ഇവിടെ പറയാനുദ്ദേശിക്കുന്നതു് ഇടനിലക്കാർ വാങ്ങിയ കമ്മീഷൻെറ കാര്യമല്ല; ഇന്ത്യാഗവണ്മെൻറ് വിദേശങ്ങളിൽനിന്നു വലിയ തോതിൽ ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നതിനെക്കുറിച്ചാണ്. വളരെ രഹസ്യമായിട്ടാണ് ആയുധമിടപാടുകൾ നടത്തുന്നതെന്നതിനാൽ, ഇതിനായി എത്ര രൂപ സർക്കാർ ചെലവഴിക്കുന്നു എന്നു സാധാരണ പൗരന്മാർ മനസ്സിലാക്കാറില്ല.

ഇക്കഴിഞ്ഞ ആറു വർഷങ്ങളിൽ, സ്വീഡനിൽനിന്നുള്ള പീരങ്കികൾക്കുപുറമേ യുദ്ധവിമാനങ്ങൾ, ഹെലിക്കോപ്റ്ററുകൾ, നിലത്തുനിന്നും ആകാശത്തുനിന്നും പ്രയോഗിക്കുന്ന പലതരം മിസൈലുകൾ, റഡാറുകൾ, ടാങ്കുകൾ, മുങ്ങിക്കപ്പലുകൾ, പടക്കപ്പലുകൾ, ബോട്ടുകൾ തുടങ്ങി ഒട്ടേറെ യുദ്ധോപകരണങ്ങൾ പല പാശ്ചാത്യരാജ്യങ്ങളിൽനിന്നുമായി ഇന്ത്യ വാങ്ങിയിട്ടുണ്ട്. ബോഫോർസ് കമ്പനിക്കു് ഇന്ത്യ നൽകേണ്ടതു് ആയിരത്തിഎഴുന്നൂററമ്പതുകോടി രൂപയാണെന്നു പറഞ്ഞുവല്ലോ. 'മിറാഷ് 2000' എന്ന വിമാനങ്ങൾ നിർമിക്കുന്ന ഫ്രഞ്ച്കമ്പനിക്കു് രണ്ടായിരം കോടി രൂപയും ഹാരിയേഴ്സ്, സീകിങ് എന്നീ ഹെലികോപ്റ്ററുകൾ നിർമിക്കുന്ന ബ്രിട്ടീഷ് കമ്പനികൾക്കു് അയ്യായിരത്തിഎഴുനൂറുകോടി രൂപവീതവും ഇന്ത്യാഗവണ്മെൻറ് കൊടുക്കണം. രണ്ടു മുങ്ങിക്കപ്പലുകൾ പടിഞ്ഞാറെ ജർമനിയിൽനിന്നു് ഇന്ത്യ വാങ്ങിയതു് നാനൂറുകോടി രൂപയ്ക്കാണ്. ഈ തുകയിൽ ഏഴു ശതമാനം ഏതോ ഇന്ത്യൻ ഏജൻറ് കമ്മീഷനായി വാങ്ങിയിട്ടുണ്ടത്രേ. ഇതു സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടാണ് ശ്രീ വി. പി. സിംഹ് രാജ്യരക്ഷാമന്ത്രിസ്ഥാനം ഒഴിഞ്ഞതു്. വാങ്ങിയ രണ്ടു മുങ്ങിക്കപ്പലുകൾക്കു പുറമേ, നാലെണ്ണംകൂടി വാങ്ങാൻ ഇന്ത്യാഗവണ്മെൻറിനു് ആലോചനയുണ്ടായിരുന്നു.

1987—88—ലെ ഇന്ത്യൻ ബജററിൽ വിദേശങ്ങളിൽനിന്നു യുദ്ധോപകരണങ്ങൾ വാങ്ങാനായി മൂവായിരത്തിത്തൊള്ളായിരത്തി എഴുപത്തേഴു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുമുമ്പ് പത്ത് ആണ്ടുകളിൽ ഇരുപതിനായിരംകോടി രൂപ വിലവരുന്ന യുദ്ധോപകരണങ്ങൾ മറു നാട്ടുകളിൽനിന്ന് ഇന്ത്യ ഇറക്കമതിചെയ്തിട്ടുണ്ടത്രേ. ആയുധവ്യാപാരത്തിൽ ഇടനിലക്കാർ പാടില്ലെന്ന് ഇന്ത്യാഗവണ്മെൻറ് വ്യവസ്ഥചെയ്തത് 1985—ൽ മാത്രമാണ്. അതിനുമുമ്പ് കമ്മീഷനം 'കിക്ക്ബാക്കും' ഒക്കെ ആയി എത്രകോടി രൂപ, ആരുടെയെല്ലാം കീശകളിലേക്ക് ഒഴുകിയിരിക്കുന്നു? ആർക്കറിയാം.

ആയുധമിടപാടുകൾ നാട്ടിൽ കള്ളപ്പണം പെരുകുന്നതിനു കാരണമാകുന്നു എന്ന വസ്തുത പോകട്ടെ. പാകിസ്ഥാൻെറ അണു—ബോംബ് നിർമാണ പരിപാടിയുടേയും, അമേരിക്കയിൽനിന്നു പാകിസ്ഥാൻ സൗജന്യമായും കടമായും വിലയ്ക്കും വാങ്ങിക്കൂട്ടുന്ന അത്യാധുനിക—ആയുധശേഖരത്തിൻെറയും പശ്ചാത്തലത്തിലും, ചൈനയുമായി നമുക്കുള്ള, ഏതു സമയവും പൊട്ടിത്തെറിച്ചേക്കാവുന്ന, അതിർത്തിത്തർക്കത്തിൻെറ വെളിച്ചത്തിലും, ഇന്ത്യൻസേനകളെ ഏതാണ്ടൊരു യുദ്ധസന്നദ്ധതാ നിലവാരത്തിൽ എപ്പോഴും നിർത്തണമെന്ന വാദം മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ, ഈ സന്നദ്ധതയ്ക്ക് നാം മററു രാജ്യങ്ങളെ ആശ്രയിക്കാമോ? ആശ്രയിക്കാമെങ്കിൽ, ഏതളവുവരെ? ഇന്ത്യ ഒരു യുദ്ധത്തിൽ പെന്തു കട്ടങ്ങേണ്ടതാമസം, സ്വീഡനിൽനിന്ന് ഇന്ത്യയിലേക്കു പീരങ്കികൾ അയയ്ക്കുന്നതു് നിർത്തിവെക്കപ്പെടും. മററു രാജ്യങ്ങളുടെ സമീപനവും വ്യത്യസ്തമായേക്കുകയില്ല.

ഭക്ഷണത്തിനെന്നപോലെ യുദ്ധത്തിനും, ആരാൻെറ പല്ലിനേക്കാൾ നല്ലതു് അവനവൻെറ തൊണ്ണുതന്നെ. നമുക്ക് ആവശ്യമുള്ള ആയുധങ്ങൾ നാംതന്നെ ഉണ്ടാക്കണം എന്ന് അർത്ഥം. ശ്രീ വി. കെ. കൃഷ്ണമേനോൻ രാജ്യരക്ഷാമന്ത്രിയായിരുന്ന കാലത്ത് ആയുധനിർമാണത്തിൽ ആത്മനിർഭരത കൈവരുത്താൻ ആരംഭിച്ച ശ്രമം, വേണ്ട അളവിൽ മുമ്പോട്ടുപോയിട്ടില്ല എന്നാണ്, വൻതോതിലുള്ള ഇന്ത്യാഗവണ്മെൻറിൻെറ ആയുധംവാങ്ങൽ തെളിയിക്കുന്നതു്. ഇപ്പോൾ നിലവിലുള്ള ആയുധംവാങ്ങൽക്കരാറുകളുടെ ഭാഗമായി, ഈ ആയുധങ്ങളും അവയുടെ ഘടകങ്ങളും ഇന്ത്യയിൽ നിർമിക്കുന്നതിന് അതാതു വിദേശരാജ്യങ്ങൾ സഹകരിക്കാമെന്ന വാഗ്ദാനംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതു വാസ്തവമാണ്. പക്ഷേ, ഈ വാഗ്ദാനം വിദൂരഭാവിയിലേക്കുള്ളതാണ്; വർത്തമാനകാലത്തിലേക്ക ബാധകമല്ല. ഭാവി എങ്ങനെയിരിക്കുമെന്ന് ആർക്കറിയാം? പത്തു വർഷങ്ങൾക്കപ്പുറം സ്വീഡിഷ് പീരങ്കികളുടെ, അല്ലെങ്കിൽ ജർമൻ മുങ്ങിക്കപ്പലുകളുടെ ആവശ്യം നമുക്കുണ്ടാകുമോ?

ആയുധം വാങ്ങലിൽ അന്തർഭവിച്ച കോഴഇടപാടുകളെ ചൊല്ലി ബഹളംവെക്കുന്ന കൂട്ടത്തിൽ, ഇത്ര വലിയ തോതിൽ ആയുധങ്ങൾക്കു വേണ്ടി വിദേശരാഷ്ട്രങ്ങളെ ഇന്ത്യ ആശ്രയിക്കുന്നതിൽ അന്തർഭവിച്ച പ്രശ്നങ്ങളെക്കുറിച്ചുകൂടി നമ്മുടെ പൊതുപ്രവർത്തകർ—മുഖ്യമായും പാർലമെൻറംഗങ്ങൾ—ചിന്തിക്കുന്നതു കൊള്ളാം. പത വാരാൻപോകുന്ന തിരക്കിൽ നാം അടിയൊഴുക്കു കാണാതിരുന്നുകൂടാ.

(7 ജൂൺ, 1987)